**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **09-02-2023 - ൽ മറുപടിയ്ക്ക്**

**വനിത-ശിശുവികസന വകുപ്പിന്റെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വനിത-ശിശുവികസന വകുപ്പ് പുതുതായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | അങ്കണവാടികളിൽ ആഴ്ചയിൽ രണ്ടു ദിവസം കോഴിമുട്ട, പാൽ വിതരണം ചെയ്യുന്ന പദ്ധതി, കോവിഡ് മൂലം മാതാപിതാക്കൾ മരിച്ച കുട്ടികൾക്കുള്ള ധനസഹായ പദ്ധതി, ഇടുക്കി ചിൽഡ്രൻസ് ഹോം നിർമ്മാണം എന്നിവയാണ് വനിത-ശിശുവികസന വകുപ്പിൽ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ. |
| (ബി) | പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | അങ്കണവാടികളിൽ ആഴ്ചയിൽ രണ്ടു ദിവസം കോഴിമുട്ട, പാൽ വിതരണം എന്ന പദ്ധതിയിൽ അങ്കണവാടികളിലെ മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയിൽ പ്രായമുള്ള ഏകദേശം നാലു ലക്ഷം കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം പാലും മുട്ടയും നൽകുന്നതിന് 61.35 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ആഗസ്റ്റ് 2022 മുതൽ ഒരു കുട്ടിയ്ക്ക് 135 മില്ലി പാലും മുട്ടയും നൽകി വരികയും ചെയ്യുന്നു. പാൽ വിതരണത്തിന് 31,50,00,000/-രൂപയും മുട്ട വിതരണത്തിന് 30,00,00,000/- രൂപയും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും പദ്ധതി 2022 ആഗസ്റ്റ് ഒന്നാം തീയതി മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കോവിഡ് മൂലം മാതാപിതാക്കൾ മരിച്ച കുട്ടികൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം കോവിഡ് 19 മഹാമാരി മൂലം മാതാപിതാക്കളിൽ ഒരാളെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ട കുട്ടികളെ സഹായിക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പാക്കേജിൽ കുട്ടിയുടെ പേരിൽ 3 ലക്ഷം രൂപ നിക്ഷേപിക്കുക, ഓരോ കുട്ടിയ്ക്കും 18 വയസ്സ തികയുന്നതുവരെ പ്രതിമാസം 2000/-രൂപ അനുവദിക്കുക, മറ്റ് അടിയന്തിര സഹായങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 8 കുട്ടികൾക്ക് 3 ലക്ഷം രൂപ നിരക്കിൽ സ്ഥിര നിക്ഷേപമായി 24,00,000/- |

| | | | |
|---|---|---|---|
| | | | രൂപയും പ്രതിമാസ തുകയായി 21,74,000/- രൂപയും ചേർത്ത് ആകെ 45,74,000/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം നിർമ്മിക്കുന്നതിന് 22-23 ബജറ്റിൽ 130 ലക്ഷം രൂപ പ്രഖ്യാപിക്കുകയും അതിനായി 4235-02-102-84 ശീർഷകത്തിൽ 1000/- രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി വില്ലേജിലെ 40 സെന്റ് സ്ഥലം ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവാകുകയും സ്ഥലം വനിത ശിശുവികസന വകുപ്പിന്റെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ